## കാലിക്കറ്റ് സർവ്വകലാശാല
### ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

### പത്രക്കുറിപ്പ്

### കാലിക്കറ്റ് സർവ്വകലാശാലാ പൊതുപ്രവേശന പരീക്ഷ (CUCAT 2024)

2024-25 അധ്യയന വർഷത്തെ കാലിക്കറ്റ് സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പി.ജി./ഇന്റഗ്രേറ്റഡ് പി.ജി./പ്രൊജക്റ്റ് മോഡ് ഡിപ്ലോമ, സർവകലാശാല സെന്ററുകളിലെ എം.സി.എ., എം.എസ്.ഡബ്ല്യു., ബി.പി.എഡ്., ബി.പി.ഇ.എസ്. ഇന്റഗ്രേറ്റഡ്, അഫിലിയേറ്റഡ് കോളേജുകളിലെ എം.പി.എഡ്., ബി.പി.എഡ്., ബി.പി.ഇ.എസ്. ഇന്റഗ്രേറ്റഡ്, എം.എസ്.ഡബ്ല്യു., എം.എ. ജേർണലിസം & മാസ് കമ്യൂണിക്കേഷൻ, എം.എസ്.സി. ഹെൽത്ത് & യോഗ തെറാപ്പി, എം.എസ്.സി ഫോറൻസിക് സയൻസ് എന്നീ പ്രോഗ്രാമുകളിലെ പ്രവേശനത്തിനായി നടത്തുന്ന പൊതുപ്രവേശന പരീക്ഷയ്ക്കായി (CUCAT 2024) ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിനും നേരത്തെ സമർപ്പിച്ച അപേക്ഷയിൽ തിരുത്തലുകൾ (പേര്, ജനന തിയ്യതി, മൊബൈൽ നമ്പർ, ഇമെയിൽ ഐഡി, ഡിഗ്രി രജിസ്റ്റർ നമ്പർ എന്നിവ ഒഴികെ) വരുത്തുന്നതിനും ഉള്ള സൗകര്യം 12.05.2024 ന് വൈകീട്ട് 5 മണിവരെ ലഭിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് ഒരു തവണ മാത്രമേ എഡിറ്റ് ചെയ്യാനുള്ള (ONE TIME EDITING) സൗകര്യം ലഭ്യമാകുകയുള്ളൂ. ആയതുകൊണ്ട് തന്നെ വളരെ ശ്രദ്ധിച്ച് എല്ലാ തിരുത്തലുകളും വരുത്തിയതിന് ശേഷം മാത്രമേ അപേക്ഷ പൂർത്തീകരിക്കുവാൻ പാടുള്ളൂ.

തിരുത്തലുകൾക്ക് ശേഷം പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ONE TIME EDIT ബട്ടൺ ഉപയോഗിച്ച് എഡിറ്റ് ചെയ്യാൻ ശ്രമിച്ച വിദ്യാർത്ഥികൾ അപേക്ഷ പൂർത്തീകരിച്ച് പ്രിന്റൗട്ട് എടുത്തിട്ടില്ലെങ്കിൽ അവരുടെ പ്രോഗ്രാം, കോളേജ്, എക്സാം സെന്റർ തുടങ്ങിയ ഓപ്ഷനുകൾ നഷ്ടപ്പെടുന്നതാണ്.

പ്രവേശന വിജ്ഞാപനത്തിനും പ്രോസ്പെക്ടസിനും മറ്റ് വിശദവിവരങ്ങൾക്കും വെബ്സൈറ്റ് (admission.uoc.ac.in) സന്ദർശിക്കുക.

ഫോൺ : 0494 2407016, 2407017, 2660600.

(ഒപ്പ്)
ഡയറക്ടർ

C.U. Campus
08.05.2024

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)